I/194795/2024

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
**തീയതി: 11-04-2024**

**പ്രേഷകൻ :**

**ട്രാൻസ്പോർട്ട് കമ്മീഷണർ**
**കേരളം, തിരുവനന്തപുരം.**

**സ്വീകർത്താവ്:**

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും

2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

3. എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും

3. എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം:- മോട്ടോർ വാഹനവകുപ്പ് - സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന രേഖകൾ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്തത് - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നമ്പർ ഡി2/43/2024/ഗതാ. തീയതി 04.04.2024 പ്രകാരം ലഭിച്ചതും ശ്രീ. സി പി ശിവൻ, പാലക്കാട് നിയമസഭ സെക്രട്ടറിക്ക് സമർപ്പിച്ചതുമായ ഹർജി.

വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന രേഖകൾ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാർ നിർദ്ദേശം നിലവിലുള്ളതാണ്. റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി യോഗങ്ങൾ ഭരണഭാഷ മലയാളം എന്ന ചട്ടം ലംഘിച്ചാണ് നടന്നുവരുന്നതെന്നും അതോറിറ്റി തയ്യാറാക്കുന്ന യോഗ അജണ്ടയും തീരുമാനങ്ങളും അപേക്ഷകന് നൽകുന്ന മറുപടി കത്തുകളും എല്ലാം ഇംഗ്ലീഷ് ഭാഷയിലാണ് ലഭ്യമായി കൊണ്ടിരിക്കുന്നതെന്നും സൂചന നമ്പർ സർക്കാർ കത്ത് പ്രകാരം ലഭിച്ച ശ്രീ. സി പി ശിവൻ, പാലക്കാടിന്റെ ഹർജിയിൽ പറഞ്ഞിരിക്കുന്നു.

ഈ സാഹചര്യത്തിൽ സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന രേഖകൾ മലയാളത്തിൽ ആയിരിക്കണമെന്ന സർക്കാർ നിർദ്ദേശം കർശനമായി പാലിക്കപ്പെടേണ്ടതാണ്. റീജിയണൽ ട്രാൻസ്‌പോർട്ട് അതോറിറ്റി തയ്യാറാക്കുന്ന യോഗ അജണ്ടയും തീരുമാനങ്ങളും അപേക്ഷകന് നൽകുന്ന മറുപടി കത്തുകളും വകുപ്പുമായും ഓഫീസുകളുമായും ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ കാര്യങ്ങളും മലയാളത്തിലാകണമെന്ന് നിഷ്കർഷിച്ചുകൊണ്ട് എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകുന്നു.

വിശ്വസ്തതയോടെ,

K MANOJKUMAR
JOINT TRANSPORT COMMISSIONER & SECRETARY STA

പകർപ്പ് -

സീനിയർ സൂപ്രണ്ട്
എസ് എസ് ജി സെക്ഷൻ - വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധികരിക്കുന്നതിനായി.

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ് ,കേരളം, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്,തിരുവനന്തപുരം-14
ഫോൺ: 0471-2333337/2333317 0471-2333314 വെബ്സൈറ്റ്: www.mvd.kerala.gov.in
ഇമെയിൽ: tcoffice.mvd@kerala.gov.in